**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1635** **19-09-2025 - ൽ മറുപടിയ്ക്ക്**

**എക്സ്പ്ലോസിവ് റൂൾസ് 2008 ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എക്സ്പ്ലോസീവ് റൂൾസ് 2008 ഭേദഗതി ചെയ്തുകൊണ്ട് കേന്ദ്ര സർക്കാർ 11.1.2024-ന് പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ പല വ്യവസ്ഥകളും കേരളത്തിൽ വെടിക്കെട്ട് നടത്തുന്നത് അസാധ്യമാക്കുന്ന തരത്തിലുള്ളതാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ 2024 ലെ എക്സ്പ്ലോസീവ് ഭേദഗതി ചട്ടങ്ങളിലെ ചില വ്യവസ്ഥകൾ തൃശ്ശൂർ പൂരം ഉൾപ്പടെയുള്ള സംസ്ഥാനത്തെ ദേവാലയങ്ങളിലെ കരിമരുന്നു പ്രയോഗം സുഗമമായി നടത്തുന്നതിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സംസ്ഥാന സർകാരിന്റെ ഉത്കണ്ഠ മുഖ്യമന്ത്രി തലത്തിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റവന്യൂ മന്ത്രിയും ഇക്കാര്യത്തിൽ മാറ്റം ആവശ്യപ്പെട്ട് പ്രധാനമന്ത്രി ഉൾപ്പടെയുള്ളവർക്ക് കത്തയച്ചിട്ടുണ്ട്. |
| (ബി) | കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് ചെറുപൂരങ്ങൾ ഉൾപ്പെടെയുള്ള വിവിധ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് സുരക്ഷിതമായി വെടിക്കെട്ട് നടത്താൻ സാധിക്കുന്ന തരത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമനിർമാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ 2024 ലെ എക്സ്പ്ലോസീവ് ഭേദഗതി ചട്ടങ്ങളിലെ ചില വ്യവസ്ഥകൾ തൃശ്ശൂർ പൂരം ഉൾപ്പടെയുള്ള സംസ്ഥാനത്തെ ദേവാലയങ്ങളിലെ കരിമരുന്നു പ്രയോഗം സുഗമമായി നടത്തുന്നതിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സംസ്ഥാന സർകാരിന്റെ ഉത്കണ്ഠ മുഖ്യമന്ത്രി തലത്തിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റവന്യൂ മന്ത്രിയും ഇക്കാര്യത്തിൽ മാറ്റം ആവശ്യപ്പെട്ട് പ്രധാനമന്ത്രി ഉൾപ്പടെയുള്ളവർക്ക് കത്തയച്ചിട്ടുണ്ട്. |
| (സി) | ജില്ലാ കളക്ടറേറ്റുകളിൽ വെടിക്കെട്ട് ലൈസൻസ് അനുവദിക്കുന്നതിന് ഏകജാലക സംവിധാനം (സിംഗിൾ വിൻഡോ സിസ്റ്റം) ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി മാത്രമേ തീരുമാനം കൈകൊള്ളുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ